പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2040 — 26.03.2013-ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ വോൾട്ടേജ് ക്ഷാമം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| കാസർഗോഡ് ജില്ലയിലെ വ്യാപകമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ അടിയന്തിര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | കാസർഗോഡ് ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് .<br>1. കാസർഗോഡും കാഞ്ഞങ്ങാടും 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>2. രാജപുരത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭരണാനുമതിക്കു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>3. മൈലാട്ടി-തവിട്ടുഗോളി 110 കെ.വി. ലൈനിന്റെ പുനരുദ്ധാരണത്തിനു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>4. മൈലാട്ടി 220 കെ.വി. സബ്സ്റ്റേഷനിൽ ഒരു പുതിയ 10 MVA, 110/11 കെ.വി. ട്രാൻസ്ഫോമറിന്റെ കമ്മീഷനിംഗ് ജോലികൾ എന്നിവ പൂർത്തീകരിച്ചു വരുന്നു.<br>5. ഉഡുപ്പിയിൽ നിന്നും അരീക്കോടുവരെ പുതുതായി 400 കെ.വി. ലൈൻ നിർമ്മിക്കാനും മൈലാട്ടി 220 കെ.വി. സബ്സ്റ്റേഷൻ 400 കെ.വി. ആയി ഉയർത്താനുമുള്ള അനുവാദം നൽകിയിട്ടുണ്ട്.<br>കൂടാതെ കാസർഗോഡ് ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ 90.18 കിലോമീറ്റർ 11 കെ.വി.ലൈൻ നിർമ്മിക്കുകയും, 211 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും, 183.93 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.